Kerala Gazette No. 2 dated 10th January, 2017.
**PART I**

# കേരള സർക്കാർ

## സാംസ്കാരിക കാര്യ (സി) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നം. 08/2011/സാം.കാ.വ. തിരുവനന്തപുരം, 2011 ഫെബ്രുവരി 10.

എസ്.ആർ.ഒ. നം. 116/2011—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ (2011-ലെ 6) ഒന്നാം വകുപ്പ് രണ്ടാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ആക്ട് നിലവിൽ വരുന്ന തീയതി 2011 ഫെബ്രുവരി മാസം 10-ാം തീയതി ആയി ഇതിനാൽ നിശ്ചയിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.,
ഗവൺമെന്റ് സെക്രട്ടറി.

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ (2011-ലെ 6) ഒന്നാം വകുപ്പ് രണ്ടാം ഉപവകുപ്പിൽ, ഈ ആക്ട് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുമെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി ഫെബ്രുവരി 10 ആയി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(സാംസ്കാരികകാര്യ വകുപ്പ് എസ്.ആർ.ഒ. നം. 116/2011 ആയി പ്രസിദ്ധീകരിച്ച 2011 ഫെബ്രുവരി 10-ാം തീയതിയിലെ G. O. (P) No. 08/2011/CAD ഉത്തരവിന്റെ ശരിത്തർജ്ജമ.)

---